# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4664 — 29.06.2012 ൽ മറുപടിയ്ക്ക്

## തേനീച്ച കർഷകർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തേനീച്ച കർഷകരെ സഹായിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത് ; | (എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ തേനീച്ച വളർത്തലിലൂടെയുള്ള പരാഗണ പിന്തുണ എന്ന ഘടകം ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം തേനീച്ച കർഷകരെ സഹായിക്കുവാനായി തേനീച്ചകോളനികളും തേനീച്ചക്കൂടുകളും ഉപകരണങ്ങളും വിതരണം ചെയ്യുന്നു. കൂടാതെ ബീ ബ്രീഡർമാർക്കുള്ള ധനസഹായവും നൽകുന്നു. ഹോർട്ടിക്കോർപ്പ് എന്ന നോഡൽ ഏജൻസി മുഖാന്തിരമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ തേനീച്ച വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയിൽ തേനീച്ചപ്പെട്ടികളും തേനീച്ച കോളനികളും കർഷകർക്ക് വിതരണം ചെയ്യുന്നതിന് മൊത്തം പദ്ധതി ചെലവായ 400 രൂപയുടെ 50 ശതമാനമായ 200 രൂപയും, ഒരു സെറ്റ് ഉപകരണങ്ങൾക്ക് മൊത്തം പദ്ധതി ചെലവായ 600 രൂപയുടെ 50 ശതമാനമായ 300 രൂപയും സബ്സിഡി നൽകുന്നു. കൂടാതെ പ്രതിവർഷം 2000 തേനീച്ച കോളനികൾ ഉൽപ്പാദിപ്പിക്കുന്ന ബീ ബ്രീഡർമാർക്ക് മൊത്തം ചെലവ് വരുന്ന 6 ലക്ഷം രൂപയുടെ 50 ശതമാനമായ 3 ലക്ഷം രൂപ ധനസഹായം നൽകുന്നു. |
| (ബി) തേൻ വിപണനവും, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വേണ്ടി ഹണി മിഷൻ സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ എവിടെ വരെയായി എന്ന് അറിയിക്കുമോ ? | (ബി) തേൻ വിപണനവും ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വേണ്ടി ഹണി മിഷൻ സ്ഥാപിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ